പാഠം 3

# നിഗൂഢതയിൽനിന്നു വെളിപ്പാടിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനി. 2:1–16; അ.പ്ര. 17:28; ദാനി. 2:17–49; സങ്കീ. 138; യോഹ. 15:5; ആവ. 32:4; 1 പത്രൊ. 2:4.**

**മനഃപാഠവാക്യം: "ദൈവത്തിന്റെ നാമം എന്നും എന്നേക്കും സ്തുതിക്കപ്പെടുമാറാകട്ടെ; ജ്ഞാനവും ബലവും അവനുള്ളതല്ലോ" (ദാനി. 2:20).**

ഗ്രീൻലാൻഡിനു ചുറ്റുമുള്ള വെള്ളത്തിനു ചുറ്റും പല വലിപ്പത്തിലുള്ള മഞ്ഞുകട്ടികളാണ്. ചിലപ്പോൾ ചെറിയ മഞ്ഞുകഷണങ്ങൾ ഒരു ദിശയിലേക്കു നീങ്ങുമ്പോൾ വലിയ മഞ്ഞുമലകൾ വേറൊരു ദിശയിലായിരിക്കും ഒഴുകുന്നത്. സംഭവിക്കുന്നത് ഇങ്ങനെയാണ്; ചെറിയ മഞ്ഞുകട്ടികൾ കാറ്റുമൂലം ഉപരിതലത്തിൽ ഒഴുകുന്നു, അതേസമയം വൻമലകൾ സമുദ്രത്തിലെ പ്രവാഹങ്ങൾക്കൊത്തു നീങ്ങുന്നു. ചരിത്രത്തിലൊക്കെയും രാജ്യങ്ങളുടെ ഉത്ഭവവും തകർച്ചയും കണക്കിലെടുക്കുമ്പോഴും, ഉപരിതല കാറ്റും സമുദ്ര പ്രവാഹങ്ങളും പോലെതന്നെ. കാറ്റുകൾ മനുഷ്യ ഇച്ഛപോലെ തന്നെ, മാറ്റം സംഭവിക്കുന്നവയും പ്രവചിക്കാനാവാത്തവയുമായ എല്ലാത്തിനെയും പ്രതിനിധീകരിക്കുന്നു. എന്നാൽ കൊടുങ്കാറ്റിനെയും ഇളംകാറ്റിനെയും ഒരേസമയം ഒരുപോലെ നിയന്ത്രിക്കുന്നതു മറ്റൊരു ശക്തിയാണ്, സമുദ്രപ്രവാഹം പോലെ. എന്നാൽ അവയെക്കാൾ അധികം ശക്തമായ ഒന്ന് ദൈവത്തിന്റെ വിവേകത്തിന്റെയും പരമാധികാരത്തിന്റെയും സുനിശ്ചിതമായ ചലനം ആണത്. എലൻ ജി. വൈറ്റ് പറഞ്ഞതുപോലെ, "നിയമിക്കപ്പെട്ട ഭ്രമണപഥങ്ങളിൽ നക്ഷത്രങ്ങൾ ചുറ്റുന്നതുപോലെ, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ വൈകുന്നുമില്ല തിടുക്കത്തിലുമല്ല" (The Desire of Ages, p. 32). രാജ്യങ്ങളുടെയും ആദർശങ്ങളുടെയും രാഷ്ട്രീയകക്ഷികളുടെയും ഉത്ഭവവും വീഴ്ചയും എല്ലാം മനുഷ്യ ഇച്ഛമൂലം സംഭവിക്കുന്നതായി തോന്നാമെങ്കിലും, സ്വർഗ്ഗത്തിലെ ദൈവമാണു യഥാർത്ഥത്തിൽ മാനവചരിത്രത്തെ അതിന്റെ മഹത്തായ അന്ത്യത്തിലേക്ക് എത്തിക്കുന്നതെന്നു ദാനിയേൽ 2 കാണിക്കുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 18 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ദൈവത്തിന്റെ അന്തർയാമിത്വം (Immanence of God)

**ദാനിയേൽ 2:1-16 വായിക്കുക. ദൈവം രാജാവിനു കൊടുത്ത സ്വപ്നം നിമിത്തം എബ്രായർക്ക് എന്തു പ്രതിസന്ധി നേരിട്ടു?**

പുരാതന ലോകത്ത് സ്വപ്നങ്ങൾ വളരെ ഗൗരവമായി കണക്കാക്കപ്പെട്ടിരുന്നു. സ്വപ്നങ്ങൾ ദുശ്ശകുനം ആയിരുന്നെങ്കിൽ പെട്ടെന്നുണ്ടാകാമായിരുന്ന അത്യാപത്തിനെ അതു സൂചിപ്പിച്ചിരുന്നു. നെബൂഖദ്നേസ്സർ എന്തുകൊണ്ട് ഒരു സ്വപ്നത്തെക്കുറിച്ച് അത്ര ഉത്കണ്ഠാകുലൻ ആയതെന്നു മനസ്സിലാക്കാം. കാര്യങ്ങളെ കൂടുതൽ വിഷമകരം ആക്കുമാറ് അദ്ദേഹം സ്വപ്നം മറക്കുകയും ചെയ്തു. ദേവന്മാർക്കു സ്വപ്ന വ്യാഖ്യാനം നൽകാൻ കഴിയുമെന്നു ബാബിലോന്യവിദഗ്ദ്ധർ കരുതി. പക്ഷേ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ, രാജാവ് അതു മറന്നുപോയതിനാൽ അവർക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. സ്വപ്നത്തിന്റെ ഉള്ളടക്കം അവർക്കു നൽകിയിരുന്നെങ്കിൽ, രാജാവിനെ പ്രസാദിപ്പിക്കുവാൻ ഒരു വ്യാഖ്യാനം നടത്തുവാൻ അവർക്കു കഴിയുമായിരുന്നു. യാതൊരു മുന്നറിവും ഇല്ലാത്ത ഈ സാഹചര്യത്തിൽ, സ്വപ്നം എന്തായിരുന്നെന്നു സ്വപ്നവിദഗ്ദ്ധർക്കു പറയാൻ കഴിയാതിരിക്കെ 'ജഡവാസമില്ലാത്ത ദേവന്മാർക്കു മാത്രമേ രാജാവിന്റെ സ്വപ്നം അറിയിക്കുവാൻ കഴിയൂ" എന്നു സമ്മതിക്കുവാൻ അവർ നിർബ്ബന്ധിതരായി (ദാനി. 11).

കടുത്ത നിരാശയിൽ അക്ഷമനായ രാജാവ് എല്ലാ വിദഗ്ദ്ധരെയും (വിദ്വാന്മാർ) കൊന്നുകളയുവാൻ കല്പനയിട്ടു. പുരാതനലോകത്ത് അത്തരം ക്രൂരനടപടികൾ അജ്ഞാതം ആയിരുന്നില്ല. ദാര്യാവേശ് 1 ഒരു ഗൂഢാലോചന നിമിത്തം മുഴുവൻ മന്ത്രവാദികളെയും കൊന്നതായും അഹശ്വരേശ്, പാലം തകർന്നതിനാൽ എല്ലാ എഞ്ചിനീയർമാരെയും കൊന്നുകളഞ്ഞതായും ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. നെബൂഖദ്നേസ്സർ കല്പന പുറപ്പെടുവിച്ചപ്പോൾ, ദാനിയേലും സ്നേഹിതരും പരിശീലനം പൂർത്തിയാക്കി രാജാവിന്റെ വിദഗ്ദ്ധസഭയിലേക്കു പ്രവേശിച്ചിരുന്നതേയുള്ളൂ. ഇക്കാരണത്താൽ മരണ കല്പന അവർക്കും ബാധകം ആയിരുന്നു. വാസ്തവത്തിൽ മൂലഭാഷ അനുസരിച്ചു ഉടനെ വധം ആരംഭിക്കുന്നു. അടുത്ത ഊഴം ദാനിയേലിന്റെയും സ്നേഹിതരുടെയും ആയിരുന്നു. എന്നാൽ "ജ്ഞാനവും വിവേകവും" നിറഞ്ഞ ദാനിയേൽ (ദാനി. 2:14), വധ നടപടിക്കു ചുമതലക്കാരനായ അര്യോക്കിനെ സമീപിച്ചു. സ്വപ്നരഹസ്യപ്രശ്നപരിഹാരത്തിനു ദാനിയേൽ രാജാവിനോടു സമയം ആവശ്യപ്പെട്ടു. മന്ത്രവാദികൾ "സമയം" വിലയ്ക്കു വാങ്ങുവാൻ ശ്രമിക്കയാണെന്ന് ആരോപിച്ചെങ്കിലും ദാനിയേൽ ആവശ്യപ്പെട്ട "സമയം" അനുവദിച്ചു. ഒരു മനുഷ്യജീവിക്കും രഹസ്യം വെളിപ്പെടുത്തുവാൻ കഴിയില്ലെന്നു മന്ത്രവാദികളോടൊപ്പം ദാനിയേലും നിശ്ചയമായി സമ്മതിച്ചെങ്കിലും, സ്വപ്നവും അർത്ഥവും വെളിപ്പെടുത്തുവാൻ കഴിയുന്ന ഒരു ദൈവം ഉണ്ടെന്നു ദാനിയേൽ പ്രവാചകൻ അറിഞ്ഞിരുന്നു.

**ദൈവത്തിന്റെ "അന്തർയാമിത്വ"ത്തെക്കുറിച്ചു ദൈവശാസ്ത്രജ്ഞർ സംസാരിക്കാറുണ്ട്; അതായത് സൃഷ്ടിയിൽനിന്നു തികച്ചും വേറിട്ടുള്ളവനെങ്കിലും ദൈവത്തിന് അവയോട് ഏറ്റവും അടുത്തായിരിക്കാൻ കഴിയും. ദൈവം നെബൂഖദ്നേസ്സർ രാജാവിനു സ്വപ്നം നൽകി എന്ന വസ്തുത, ദൈവത്തിനു നമ്മോട് ഏറ്റവും അടുത്തായിരിക്കുവാൻ കഴിയുമെന്നു നമ്മെ എങ്ങനെ പഠിപ്പിക്കുന്നു? (അ.പ്ര. 17:28).**

## പ്രാർത്ഥന

ഒരു പ്രാർത്ഥനാവേളയ്ക്കായി ദാനിയേൽ ഉടനെ തന്റെ സ്നേഹിതരെ കൂട്ടി വരുത്തി, ദൈവം സ്വപ്നം വെളിപ്പെടുത്തിയില്ലെങ്കിൽ തങ്ങൾ വധിക്കപ്പെടുമെന്ന് അവരോടു വിവരിച്ചു പറഞ്ഞു. നമ്മൾ ഒരു വലിയ പ്രശ്നം നേരിടുമ്പോഴും പരിഹരിക്കാനാകാത്ത വൻപ്രശ്നങ്ങളെയും പരിഹരിക്കാൻ തക്കവണ്ണം വലിയവനാണു നമ്മുടെ ദൈവമെന്നു നാം തിരിച്ചറിയണം.

**ദാനിയേൽ 2:17–23 വായിക്കുക. ഇവിടെ പ്രാർത്ഥിക്കപ്പെട്ട രണ്ടുതരം പ്രാർത്ഥനകൾ ഏതൊക്കെ ആയിരുന്നു?**

രണ്ടുവിധം പ്രാർത്ഥനകൾ ഈ അദ്ധ്യായത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ആദ്യത്തേത് ഒരു **അപേക്ഷാ** പ്രാർത്ഥനയാണ്. ദൈവം സ്വപ്നത്തിന്റെ ഉള്ളടക്കവും അതിന്റെ വ്യാഖ്യാനവും നൽകുവാൻ ദാനിയേൽ അതിൽ ആവശ്യപ്പെട്ടു (ദാനി. 2:17–19). ഈ പ്രാർത്ഥനയുടെ വാക്കുകൾ നൽകപ്പെട്ടിട്ടില്ല. എന്നാൽ ദാനിയേലും കൂട്ടാളികളും ആ വലിയ രഹസ്യം സംബന്ധിച്ചു ദൈവത്തിന്റെ കരുണയ്ക്കായി അപേക്ഷിച്ചു. ശേഷം വിദ്വാന്മാരോടുകൂടെ നശിച്ചുപോകാതിരിപ്പാൻ ആയിരുന്നു ആ പ്രാർത്ഥന (ദാനി. 2:18). അവർ പ്രാർത്ഥിച്ചപ്പോൾ, ദൈവം അവരുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകി, രാജാവിന്റെ സ്വപ്നവും അതിന്റെ വ്യാഖ്യാനവും വെളിപ്പെടുത്തി. “ദൈവത്തിന്റെ കരുണയ്ക്കായി” നാം അന്വേഷിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനയും അതുപോലെ കേൾക്കപ്പെടുമെന്നു നമുക്ക് ഉറപ്പോടെ വിശ്വസിക്കാം. ചിലപ്പോൾ അത്തരം നാടകീയമായവിധം അല്ലായിരിക്കാം. ദാനിയേലിന്റെ ദൈവം തന്നെയാണു നമ്മുടെയും ദൈവം.

ദൈവം അവരുടെ പ്രാർത്ഥന കേട്ടതിന്റെ പ്രതികരണമായി, ദാനിയേലും കൂട്ടാളികളും നന്ദിയർപ്പണത്തിന്റെയും സ്തുതിയുടെയും ഒരു പ്രാർത്ഥനയിലേക്കു വഴുതിവീണു. ജ്ഞാനത്തിന്റെ ഉറവിടവും പ്രകൃതിയുടെയും രാഷ്ട്രീയ ചരിത്രത്തിന്റെയും നിയന്ത്രിതാവും ആയിരിക്കയാലും അതിനായി അവർ ദൈവത്തെ സ്തുതിച്ചു. സുപ്രധാനമായ ഒരു പാഠം നമുക്ക് ഇവിടെ പഠിക്കാനുണ്ട്. നമ്മൾ പ്രാർത്ഥിക്കുകയും വളരെയേറെ കാര്യങ്ങൾക്കുവേണ്ടി യാചിക്കുകയും ചെയ്യുമ്പോൾ എപ്പോഴൊക്കെ നമ്മൾ ദൈവത്തെ സ്തുതിക്കുകയും ദൈവത്തിനു നന്ദി അർപ്പിക്കുകയും ചെയ്യാറുണ്ട്? യേശുവിനു പത്തു കുഷ്ഠരോഗികളുമായി ഉണ്ടായ അനുഭവം, മനുഷ്യന്റെ നന്ദികേടിന് അനുയോജ്യമായ ഒരു ദൃഷ്ടാന്തം നമുക്കു നൽകുന്നു. സുഖമാക്കപ്പെട്ട പത്തു പേരിൽ ഒരാൾ മാത്രമാണ്. “ദൈവത്തിനു മഹത്വം കൊടുക്കുവാൻ മടങ്ങിവന്നത്” (ലൂക്കൊ. 17:18). ദാനിയേലിന്റെ നന്ദി അർപ്പണം നന്ദിയർപ്പണത്തിന്റെയും സ്തുതിയുടെയും പ്രാധാന്യം ഓർമ്മിപ്പിക്കുക മാത്രമല്ല, നാം പ്രാർത്ഥിക്കുന്ന ദൈവത്തിന്റെ സ്വഭാവം അതു വെളിപ്പെടുത്തുക കൂടി ചെയ്യുന്നു, ദൈവത്തോടു നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് ഏറ്റവും അനുയോജ്യമായതു ചെയ്യുന്നതിനു ദൈവത്തിൽ നാം വിശ്വാസം അർപ്പിക്കുകയും അങ്ങനെ നമ്മൾ എപ്പോഴും ദൈവത്തെ സ്തുതിക്കുകയും നന്ദി അർപ്പിക്കുകയും വേണം.

**സങ്കീർത്തനം 138 വായിക്കുക. നന്ദി അർപ്പണത്തിന്റെ ഈ പ്രാർത്ഥനയിൽനിന്നു, നിങ്ങളുടെ സാഹചര്യം എന്തായിരുന്നാലും ദൈവത്തോടു നന്ദി ഉള്ളവരായിരിക്കുവാൻ പഠിക്കേണ്ടതിന് എന്തു സ്വീകരിക്കുവാൻ കഴിയുന്നു?**

## ബിംബം, ഭാഗം ഒന്ന്

**ദാനിയേൽ 2:24–30 വായിക്കുക. നമുക്ക് എപ്പോഴും ഓർമ്മിക്കേണ്ടതിനായി അത്ര സുപ്രധാനമായ എന്തുകാര്യമാണ് ദാനിയേൽ പറയുന്നത്? (യോഹ. 15:5 കാണുക.)**

പ്രാർത്ഥനയ്ക്കു മറുപടിയായി ദൈവം സ്വപ്നവും അർത്ഥവും വെളിപ്പെടുത്തി. "സ്വർഗ്ഗത്തിലെ ദൈവത്തിൽ" നിന്നാണു പ്രശ്നപരിഹാരം വരുന്നതെന്നു രാജാവിനോടു പറയുവാൻ ദാനിയേൽ മടിച്ചില്ല. സ്വപ്നവും വ്യാഖ്യാനവും പറയുന്നതിനു മുമ്പ് രാജാവിന്റെ മനസ്സിൽ കിടക്കയിൽ വെച്ചുണ്ടായ വെളിവാക്കപ്പെടാത്ത ചിന്തകളും വിചാരങ്ങളും ദാനിയേൽ ഓർമ്മിപ്പിക്കുകകൂടി ചെയ്തു. സാഹചര്യ സംബന്ധമായ വിവരങ്ങൾ രഹസ്യം വെളിപ്പെടുത്തലിന്റെ വിശ്വാസ്യത കൂടുതൽ ശക്തമാക്കി. എന്തുകൊണ്ടെന്നാൽ, രാജാവിനു മാത്രം അറിയാമായിരുന്ന അത്തരം മനോവിചാരങ്ങളുടെ വെളിപ്പെടുത്തൽ പ്രകൃത്യാതീത ശക്തിയാണു ദാനിയേലിനു ലഭ്യമാക്കിയത്. എന്നാൽ സ്വപ്നത്തിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമ്പോൾ മറ്റൊരു കടുത്ത ഭീഷണിക്കു ദാനിയേൽ കാഞ്ചി വലിക്കുകയായിരുന്നു. കാരണം സ്വപ്നം നെബൂഖദ്നേസ്സറിന് അത്യാവശ്യമായും ഒരു സദ്വർത്തമാനം ആയിരുന്നില്ല.

**ദാനിയേൽ 2:31–49 വായിക്കുക. നെബൂഖദ്നേസ്സറിന്റെ രാജ്യത്തിന്റെ അന്തിമ വിധി എന്തായിരിക്കുമെന്നാണ് സ്വപ്നം പറയുന്നത്?**

സ്വപ്നത്തിന്റെ ഉള്ളടക്കം ഗംഭീരമായ ഒരു ബിംബം ആയിരുന്നു. അതിന്റെ "തല തനി തങ്കം കൊണ്ടും, നെഞ്ചും കൈകളും വെള്ളികൊണ്ടും, വയറും തുടയും താമ്രം കൊണ്ടും, കാലുകൾ ഇരുമ്പുകൊണ്ടും, പാദങ്ങൾ പാതി ഇരുമ്പും പാതി കളിമണ്ണും കൊണ്ടുള്ളതായിരുന്നു" (ദാനി. 2:32,33)). അവസാനമായി ഒരു "കല്ല്" ബിംബത്തിന്റെ പാദങ്ങളിൽ വന്നിടിച്ചു" (2:34). ബിംബം ആകമാനവും തകർന്നു കാറ്റിലെ പതിർപോലെ ചിതറിപ്പോയി. വ്യത്യസ്ത ലോഹങ്ങൾ, ഓരോന്നിനെയും മാറ്റിക്കൊണ്ടു ഭാവിലോക ചരിത്രത്തിൽ വരുവാനിരുന്ന രാജ്യങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്നു ദാനിയേൽ വിവരിച്ചു. നെബൂഖദ്നേസ്സറിനു സന്ദേശം വ്യക്തമായിരുന്നു. ബാബിലോൺ, അതിന്റെ സകല പ്രതാപത്തോടും മഹത്വത്തോടും കൂടെ ഒഴിഞ്ഞുപോകയും മറ്റൊരു രാജ്യം അതിന്റെ സ്ഥാനം കൈവശമാക്കുകയും ചെയ്യും. പൂർണ്ണമായും വ്യത്യസ്ത പ്രകൃതത്തോടുകൂടി മുമ്പുള്ളതിനെയൊക്കെ നീക്കിക്കളയുവോളം രാജ്യങ്ങൾ തുടരെ വന്നുകൊണ്ടിരിക്കും: ദൈവത്തിന്റെ നിത്യരാജ്യം എന്നേക്കും നിലനിൽക്കുകയും ചെയ്യും.

**മാനുഷിക കാര്യങ്ങൾ എത്ര ക്ഷണികവും നീങ്ങിപ്പോകുന്നതും ആണെന്നു കാണുക. യേശുവിൽ, മാത്രമുള്ള നമ്മുടെ അതിമഹത്തായ പ്രത്യാശയെ സംബന്ധിച്ച് ഇത് എന്താണു നമ്മെ പഠിപ്പിക്കുന്നത്? (യോഹ. 6:54; 2 കൊരി. 4:18).**

## ബിംബം, ഭാഗം 2

**സ്വപ്നവും അതിന്റെ വ്യാഖ്യാനവും വീണ്ടും വായിക്കുക (ദാനി. 2:31-49). ദൈവത്തിനു ലോകചരിത്രത്തിലുള്ള മുന്നറിവിനെ സംബന്ധിച്ച് ഇതു നമ്മെ എന്തു പഠിപ്പിക്കുന്നു?**

നെബൂഖദ്നേസ്സറിന്റെ സ്വപ്നത്തിലൂടെ നൽകപ്പെട്ട പ്രവചനം ഒരു പ്രവചനിക രൂപരേഖയും ഒരു അളവുകോലുമായി നമുക്കു നൽകപ്പെട്ടിരിക്കുന്നു. ദാനിയേൽ 7,8,11 ലെ കൂടുതൽ വിശദമായ പ്രവചനങ്ങളുടെ പഠനത്തെ ഇതനുസരിച്ചാണു നമ്മൾ പഠിക്കുക.

1. **തങ്കം കൊണ്ടുള്ള തല,** അതു ബാബിലോണിനെ പ്രതിനിധീകരിക്കുന്നു (626-539 B.C.). മറ്റൊരു ലോഹത്തിനും ബാബിലോണിന്റെ ശക്തിയെയും ധനത്തെയും ന്യായമായി പ്രതിനിധീകരിക്കുവാൻ കഴിയുകയില്ല. "സുവർണ്ണ നഗരം" (യെശ. 14:4) എന്നും "യഹോവയുടെ കൈകളിലെ സ്വർണ്ണ പാനപാത്രം" എന്നുമാണ് ബൈബിൾ അതിനെ വിളിക്കുന്നത് (യിരെ. 51:7; വെളി. 18:16 തമ്മിൽ താരതമ്യം ചെയ്യുക).
2. **വെള്ളികൊണ്ടുള്ള നെഞ്ചും കൈകളും** മേദ്യ-പേർഷ്യയ്ക്കായി നിലകൊള്ളുന്നു (B.C. 539-531). തങ്കത്തെക്കാൾ വെള്ളി വില കുറഞ്ഞത് ആയിരിക്കുന്നതുപോലെ, മേദ്യ-പേർഷ്യ സാമ്രാജ്യം ഒരിക്കലും ബാബിലോണിന്റെ ഗാംഭീര്യ ത്തിൽ എത്തിയില്ല.
3. **താമ്രം** (bronze) കൊണ്ടുള്ള വയറും തുടകളും ഗ്രീസിനെ പ്രതിനിധീകരിക്കുന്നു (B.C. 331-168). ഗ്രീക്കുകാർ താമ്രം സാമാനങ്ങൾക്കു പകരം നൽകിയിരുന്നതായി യെഹെസ്കേൽ 27:13 പറയുന്നു. ഗ്രീക്കുപടയാളികൾ അവരുടെ താമ്ര (വെള്ളോടു) യുദ്ധായുധങ്ങൾക്കു പേരുകേട്ടിരുന്നു. അവരുടെ ശിരസ്ത്രം, കവചം, യുദ്ധം-വെണ്മഴു എന്നിവ താമ്രം കൊണ്ടുള്ളവ ആയിരുന്നു. ഈജിപ്തിലെ സാമെറ്റിക്കസ്സ് 1 ഗ്രീക്കു കടൽക്കൊള്ളക്കാരെ കീഴടക്കിയതിനെ "താമ്രപുരുഷന്മാർ കടലിൽനിന്നു വരുന്നു" എന്ന ഒരു അശരീരിയുടെ നിറവേറലായി ഈജിപ്തുകാർ കണക്കാക്കി എന്നു ഹെറോഡോട്ടസ് പറഞ്ഞിരിക്കുന്നു.
4. **ഇരുമ്പുകൊണ്ടുള്ള കാലുകൾ** അനുയോജ്യമാംവിധം റോമയെ പ്രതിനിധീകരിക്കുന്നു (B.C. 168 - A.D. 476). ദാനിയേൽ വിശദീകരിച്ചതുപോലെ ഇരുമ്പു റോമയുടെ തകർത്തു തരിപ്പണമാക്കുന്ന ശക്തിയെ പ്രതിനിധീകരിക്കുന്നു.
5. **പാതി ഇരുമ്പും പാതി കളിമണ്ണും** കൊണ്ടുള്ള പാദങ്ങൾ വിഭജിക്കപ്പെട്ട യൂറോപ്പിനെ പ്രതിനിധീകരിക്കുന്നു (A.D. 476- യേശുക്രിസ്തുവിന്റെ രണ്ടാം വരവു വരെ). റോമാസാമ്രാജ്യത്തിന്റെ ശിഥിലീകരണത്തെ തുടർന്ന് എന്തു സംഭവിച്ചു എന്നതിനു വളരെ അനുയോജ്യമായ ചിത്രമാണ് ഇരുമ്പിന്റെയും കളിമണ്ണിന്റെയും മിശ്രിതം. യൂറോപ്പിനെ ഏകീകരിക്കുവാൻ, രാജകുടുംബങ്ങൾ തമ്മിലുള്ള വിവാഹം മുതൽ ഇന്നത്തെ യൂറോപ്യൻ യൂണിയൻ വരെ പല പരിശ്രമങ്ങളുമുണ്ടായി. എന്നാൽ വിഭജനവും അനൈക്യവും ശക്തിപ്പെട്ടതേയുള്ളൂ. ഈ പ്രവചനം അനുസരിച്ചു നിത്യരാജ്യസ്ഥാപനം വരെ തൽസ്ഥിതി നിലനിൽക്കുകയും ചെയ്യും.

## കല്ല്

**ദാനിയേൽ 2:34,35,44,45 വായിക്കുക. നമ്മുടെ ലോകത്തിന്റെ അന്തിമമായ വിധിയെ സംബന്ധിച്ച് ഈ വാക്യങ്ങൾ എന്താണു പറയുന്നത്?**

"ഭാവികാലങ്ങളിൽ" എന്തു സംഭവിക്കും എന്നതാണു സ്വപ്നത്തിന്റെ ശ്രദ്ധാകേന്ദ്രം. അവ ആയിരിക്കുന്നതുപോലെ ശക്തവും ധനികവും ആയിരുന്നാലും ലോഹ (കളിമൺ) രാജ്യങ്ങൾ ദൈവം സ്ഥാപിക്കുന്ന നിത്യ രാജത്വ(കല്ല്)ത്തിന് ഒരു മുൻകുറിമാത്രമേ ആകുന്നുള്ളൂ. ലോഹങ്ങളും കളിമണ്ണുമൊക്കെ ഏറെക്കുറെ മനുഷ്യനിർമ്മിതമായിരിക്കുമ്പോൾ സ്വപ്നത്തിലെ 'കല്ല്' മനുഷ്യകരം തൊടാതെയാണ് വരുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മുൻരാജ്യങ്ങളൊക്കെ കാലക്രമേണ നശിച്ചുപോയപ്പോൾ, കല്ലിനാൽ പ്രതിനിധീകരിക്കപ്പെടുന്ന രാജ്യം എന്നേക്കും നിലനിൽക്കും. കല്ലിന്റെ രൂപകം മിക്കപ്പോഴും ദൈവത്തെ പ്രതിനിധീകരിക്കുന്നു (ഉദാ. ആവ. 32:4; 1 ശമൂ. 2:2; സങ്കീ. 18:31). കല്ല് അതേപ്രകാരം മശീഹയുടെ ഒരു പ്രാതിനിധ്യം ആകാം (സങ്കീ. 118:22; 1 പത്രൊ. 2:4,7). ദൈവത്തിന്റെ നിത്യരാജ്യസ്ഥാപനത്തെ സാദൃശീകരിക്കാൻ കല്ലിന്റെ ചിത്രത്തെക്കാൾ അനുയോജ്യമായി മറ്റൊന്നുമില്ല.

യേശുവിന്റെ ഭൗമിക ശുശ്രൂഷാ കാലത്ത് 'കല്ലുരാജ്യം' സ്ഥാപിതമായെന്നു ചിലർ വാദിക്കുന്നു. ദൈവരാജ്യം ലോകരാജ്യങ്ങളെ കീഴടക്കിയതിന്റെ സൂചനയാണ് സുവിശേഷത്തിന്റെ പ്രചാരണമെന്നും അവർ അവകാശപ്പെടുന്നു. എന്നാൽ ആദ്യ നാലു പ്രധാന സാമ്രാജ്യങ്ങളുടെ പതനത്തിനുശേഷം പാദങ്ങളും വിരലുകളും സൂചിപ്പിക്കുന്ന മനുഷ്യചരിത്രത്തിലെ വിഭജിതരാജ്യങ്ങളുടെ കാലത്ത് എത്തുമ്പോൾ മാത്രമേ "കല്ലുരാജ്യം" വന്നു ചേരുകയുള്ളൂ. ഇത് ഒന്നാം നൂറ്റാണ്ടിലെ പ്രവചന നിവൃത്തിയെ തള്ളിക്കളയുന്നു. കാരണം, നാലാമത്തെ രാജ്യമായ റോമയുടെ അധികാരകാലത്താണു യേശുവിന്റെ ഭൗമിക ശുശ്രൂഷ നടന്നത്.

ബിംബത്തെ ഇടിച്ച "കല്ല്' ഒരു വലിയ പർവ്വതം ആയി മാറി ഭൂമി ഒക്കെയും നിറഞ്ഞു" (ദാനി. 2:35). ഇതുപോലെ ഒരു പർവ്വതം സീയോൻ പർവ്വതത്തെ ഓർമ്മിപ്പിക്കുന്നു. പഴയ നിയമകാലത്തെ ദൈവരാജ്യത്തിന്റെ ശക്തമായ സൂചന ആയിരുന്ന വിശുദ്ധമന്ദിരം ഇവിടെ ആയിരുന്നുവല്ലോ. പർവ്വതത്തിൽനിന്ന് 'പറിഞ്ഞുവന്ന കല്ല്' ഒരു പർവ്വതമായി വളർന്നു എന്നതും രസകരമാണ്. ഈ പർവ്വതം, വാക്യം അനുസരിച്ച് ഇപ്പോൾ തന്നെ നിലനിൽക്കുന്നുണ്ട്. അത് ഏറെക്കുറെ സ്വർഗ്ഗീയ സീയോനെ ചൂണ്ടിക്കാണിക്കുന്നു. സ്വർഗ്ഗീയ വിശുദ്ധ മന്ദിരത്തിൽനിന്നാണു ക്രിസ്തു തന്റെ നിത്യരാജ്യം സ്ഥാപിക്കാൻ വരുന്നത്. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്ന യെരൂശലേം (വെളി. 21:1-22:5), ഈ ദൈവരാജ്യത്തിന്റെ അന്തിമ നിറവേറൽ ആയിരിക്കും.

**ഇതുവരെയുള്ള എല്ലാ രാജ്യങ്ങളുടെയും കാര്യത്തിൽ ദാനിയേൽ 2 വളരെ കൃത്യമാണ്. അതുകൊണ്ടുതന്നെ ദൈവത്തിന്റെ നിത്യരാജ്യമായ അന്തിമരാജ്യത്തിന്റെ ആഗമനം സംബന്ധിച്ച പ്രവചനവും വിശ്വാസ്യമല്ലേ? പ്രവചനത്തെ അവിശ്വസിക്കുന്നത് എന്തുകൊണ്ടു ന്യായയുക്തമല്ല?**

## കൂടുതൽ പഠനം:

ദാനിയേൽ 2 ലെ ബിംബം സാമ്പത്തിക ശക്തിയുമായി ബന്ധപ്പെട്ട സ്വർണ്ണം, വെള്ളി ലോഹങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് എന്നതു പഠനയോഗ്യമാണ്. ബിംബം അതേപോലെ താമ്രവും ഇരുമ്പും കൊണ്ടുകൂടി ഉണ്ടാക്കപ്പെട്ടതാണ്, അവ ആയുധങ്ങൾക്കും ഉപകരണങ്ങൾക്കുമായി ഉപയോഗിക്കപ്പെടുന്നു. കളിമണ്ണാകട്ടെ പുരാതന ലോകത്തിൽ എഴുതുന്നതിനും ഗാർഹിക ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. അങ്ങനെ, ബിംബം മാനവീകതയുടെയും അതിന്റെ നേട്ടങ്ങളുടെയും വ്യക്തമായ ഒരു വ്യത്യസ്തമായ ഘടനാഭാഗങ്ങൾ, ലോകരാജ്യങ്ങളുടെ പിന്തുടർച്ചയെയും മനുഷ്യചരിത്രത്തിന്റെ അവസാനനാളുകളിൽ അന്തിമമായ ചേർച്ച ഇല്ലായ്മയെയും അറിയിച്ചുതരുന്നു. കല്ലിനെ, എന്തായാലും, "കൈകൊണ്ടു" നിർമ്മിക്കപ്പെടാത്തതായി (ദാനി. 2:45) വേറിട്ടു ചിത്രീകരിച്ചിരിക്കുന്നത്, ഈ താൽക്കാലിക ലോകത്തിനും അതിന്റെ നേട്ടങ്ങൾക്കും അസ്വാഭാവികമായ അന്ത്യം ഉണ്ടാകും എന്നതിനു ശക്തമായ ഒരു ഓർമ്മപ്പെടുത്തലാണ്.

"സാധാരണ നഗ്നനേത്രങ്ങൾക്കു മാനവചരിത്രം, ശക്തികളുടെയും എതിർ ശക്തികളുടെയും കുഴപ്പം നിറഞ്ഞ പ്രവർത്തനമായി കാണപ്പെടാമെങ്കിലും... ഇതിന്റെയെല്ലാം പിന്നിൽ ദൈവം ഭൂമിയിലേക്ക് കുനിഞ്ഞുനോക്കിക്കൊണ്ടും അതിൽ സഞ്ചരിച്ചുക്കൊണ്ടും എന്താണ് ഏറ്റവും ഉത്തമമെന്നു താൻ കാണുന്നതിനെ നേടിയെടുക്കുവാനായി നിലകൊള്ളുന്നു എന്നു ദാനിയേൽ നമുക്ക് ഉറപ്പുനൽകുന്നു." William H. Shea, Daniel: A Reader's Guide (Nampa, ID: Pacific Press, 2005) p. 98.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **ഈ ലോകത്തിലെ സർവ്വ കുഴപ്പങ്ങളുടെയും കാഴ്ചപ്പാടുകളുടെയും നടുവിലും ദൈവമാണ് അന്തിമമായി നിയന്ത്രണ സ്ഥാനത്തെന്നും, സകലത്തെയും ഒരു മഹത്വകരമായ അന്ത്യത്തിലേക്കു കൊണ്ടുവരുമെന്നും അറിയുന്നത് എത്രമാത്രം നല്ലതാണ്. അതുവരെ, വീഴ്ച ഭവിച്ച ഈ ലോകത്ത് ഇനിയും നിലനിൽക്കുന്ന കഷ്ടതയെ നീക്കം ചെയ്യുന്നതിനു കഴിവുള്ളതെല്ലാം ചെയ്യുന്നതിൽ നമ്മുടെ പങ്ക് എന്താണ്?**
2. **തമ്മിൽ അടുത്തു പ്രവർത്തിക്കുകയും സ്വന്തജനത്തിന് വളരെയേറെ ദോഷം പ്രവർത്തിക്കുകയും ചെയ്ത ഒരു പുറജാതി നായകനോടു കൂറു കാണിച്ച ദാനിയേലിനെയും കൂട്ടു പ്രവാസികളെയും നമ്മൾ എങ്ങനെ വിവരിക്കും?**
3. **നമ്മൾ കണ്ടതുപോലെ, പർവ്വതത്തിൽനിന്നു 'കൈ തൊടാതെ പറിഞ്ഞുവന്ന കല്ല്' ലോകത്തു സുവിശേഷത്തിന്റെ പ്രചാരണത്തെയാണു കാണിക്കുന്നതെന്നു ചിലർ വാദിക്കുന്നുണ്ട്. ഏറെ കാരണങ്ങൾക്കൊണ്ട് അതു ശരിയല്ല, അതിൽ ഒന്നാണു ദാനിയേൽ 2:35. അതനുസരിച്ചു, കല്ല് മുൻരാജ്യങ്ങളെയെല്ലാം തകർത്തു. "ഒരിടത്തും തങ്ങാത വണ്ണം കാറ്റ് അവയെ പറപ്പിച്ചുകൊണ്ടുപോയി." ക്രൂശിനുശേഷം അതു സംഭവിച്ചില്ല. അതിലുപരി, കല്ലിനെ സഭയായി തിരിച്ചറിയാൻ ശ്രമിക്കുന്നവർ, അതു മറ്റു രാജ്യങ്ങളെയെല്ലാം നീക്കം ചെയ്യുന്നു എന്നു മനസ്സിലാക്കുവാൻ പരാജയപ്പെടുന്നു. മുഴുവൻ ലോകത്തെയും ഉൾക്കൊള്ളുന്നതാണ് അത്. അതിനാൽ, യേശുവിന്റെ രണ്ടാം വരവിനു മാത്രമേ പ്രവാചക സ്വപ്നത്തിന്റെ പരിസമാപ്തിയായി ചിത്രീകരിക്കപ്പെട്ട നടപടിയെ സാക്ഷാത്കരിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ, എന്തുകൊണ്ടാണു യേശുക്രിസ്തുവിന്റെ രണ്ടാംവരവു മാത്രം, കാലാന്ത്യത്തിൽ 'കല്ല്' ചെയ്യുന്നത് ഉചിതമായ വ്യാഖ്യാനം ആയിരിക്കുന്നത്?**